ഗണിതമീ ജീവിതം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

"കണക്കുകൂട്ടൽ എവറസ്റ്റിനേക്കാൾ ഉത്തുംഗം,"
കണ്ണട തുടച്ചുചൊല്ലുന്നു വിനയക്കൂനുള്ള ഗുരു.
ആർക്കിമെഡിസും പ്ലേറ്റോണിക്ക് ഖരരൂപവും
അരക്കടർന്ന പ്ലേറ്റോണിക്ക് പ്രേമാന്ത്യശ്വാസവും
ധാരണാപത്രയിടതുകോളത്തിൽ കയ്യൊപ്പിട്ട
പുരുഷാർത്ഥ മൂന്നാമനാം മോക്ഷകാംക്ഷകർ.

ഗണികന്റെ ചതുരക്കളയക്ഷരാക്കങ്ങളും
ഗണികയുടെ ചുവരെഴുത്തിന്നധമർണ്ണ്യവും
കള്ളമില്ലാതെ പൊളിഞ്ഞ കണക്കിൻ വചന-
യുയിരുയർത്തും ദേവയോനിപ്പൊരുത്തത്തിൽ
ശശാങ്കഗ്രഹണ അശുഭമുദ്രയിലടക്കാൻ തിടുക്കം.
ഗണധരന്റെ വെള്ളച്ചോക്കു വരച്ച കോലവും
ഗണതന്ത്രശക്തി മെരുക്കിയ തല്ലും തൊഴിയും
നീണ്ട വരികളിൽ മൂളിയ സമ്മതച്ചൊല്ലലിൽ
ഗണനാഥസ്തവക്കൊമ്പൊടിക്കുന്നു പരശുവാൾ.

അങ്കക്കച്ചയണിഞ്ഞ അങ്കഗണിതവും
ബീജസ്സ്കലിത അതിബീജഗണിതവും
കുരുക്ഷേത്രപ്പോരിലെ ക്ഷേത്രഗണിതവും
ഉറക്കറപ്പാട്ടിലെ അതിജീവന മന്ത്രമായ്
തലയിണക്കിന്നര കല്പനാസ്സങ്കലന-
ക്കണക്കുമറന്ന മുഖപ്പരിഭവബ്ഭാവത്തിൽ
അലിഞ്ഞളിഞ്ഞ് ഇടംതെറ്റി കണ്ണിണയിടഞ്ഞ
ആർദ്ര മുഖക്കൂറിൽ നീരവ നീറലാകുന്നു:
ഈ ഗണനഗണത്തിൽ ശോണിതഗണിതമീ ജീവിതം!
****